ഉത്തരം

(എ&ബി) 26-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർG.O.(Rt) NO.210/2014/ITD പ്രകാരം പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങളും മുനിസിപ്പാലിറ്റിയിൽ പരമാവധി 6 അക്ഷയകേന്ദ്രങ്ങളും തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. കോർപ്പറേഷനിൽ ജനസാന്ദ്രതയും കോർപ്പറേഷന്റെ ശിപാർശയും കണക്കിലെടുത്തുമാണ് ടി ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള കുറഞ്ഞ ദൂരപരിധി 2 കി. മീ. ആയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ടെക്നോപാർക്കിലെ വാടകക്കുടിശ്ശിക

243 (4234) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് അധീനതയിലുള്ള കഴക്കൂട്ടം ടെക്നോപാർക്കിൽ വിവിധ കമ്പനികൾക്കും റെസ്റ്റോറന്റുകൾക്കും ഈടാക്കുന്ന മാസവാടക സ്ക്വയർ ഫീറ്റിന് എത്രയെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ പ്രവർത്തനമില്ലാത്ത റെസ്റ്റോറന്റുകൾക്ക് വാടക കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടെക്നോപാർക്കിൽ കെട്ടിടവാടക കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി)പ്രവർത്തനമില്ലാത്ത റെസ്റ്റോറന്റുകൾ വാടകയ്ക്കെടുക്കുന്നതിന് പുതിയ വ്യക്തികളും സ്ഥാപനങ്ങളും തയ്യാറായി വരുന്നതിനാൽ ഈ വിഷയം ഉദിക്കുന്നില്ല

(സി)വിവരം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676-ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിലെ പദ്ധതികൾ

244 (4235) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമ്പൂർണ്ണ ഡിജിറ്റൽ കേരളം, ഇ-ഗവേണൻസ്, വിദ്യാർത്ഥി-സംരംഭക പദ്ധതികൾ (സ്റ്റാർട്ട്അപ്പ് വില്ലേജ് ഉൾപ്പെടെ) സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം സ്മാർട്ട് സിറ്റി പദ്ധതി എന്നീ പദ്ധതികളാണ് ഐ.ടി. മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) കേരളത്തെ ഒരു സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടുകൂടിയും പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവന്മാരും അംഗമായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള സ്റ്റാർട്ട്അപ്പ് പദ്ധതിയിൽ രണ്ട് വർഷം കൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ട്അപ്പുകൾക്ക് തുടക്കമായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ എൻ.ഐ.സി., ഐ.ടി. മിഷൻ, കെൽട്രോൺ എന്നിവരുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.

സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കറിന്റെയും മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 232 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വഖഫ് ട്രൈബ്യൂണൽ

245 (4236) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വഖഫ് ട്രൈബ്യൂണലുകളുടെ ഘടന പരിഷ്കരിച്ച് ഉത്തരവിറിക്കിയിട്ടും അംഗങ്ങളെ നിയമിച്ചിട്ടും ട്രൈബ്യൂണലുകളുടെ പ്രവർത്തനം പുതിയ രീതിയിൽ ഇപ്പോഴും ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഖഫ് കേസുകൾ കുറവായതിനാൽ മറ്റു കേസുകൾക്കുകൂടി വഖഫ് ട്രൈബ്യൂണലിൽ അവസരം നൽകി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പുതിയ ഘടനയിൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?